# ആദ്യ വിശ്വാസം

## എബ്രായർ 3:14

**"ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ."**

യിസ്രായേൽ ജനതയുടെ 40 ആണ്ട് നീണ്ട മരുഭൂപ്രയാണത്തിൽ ദൈവം അവരെ വഴി നടത്തിയ വിധങ്ങൾ ഒന്നോർത്തു നോക്കാം. അവർക്കുവേണ്ടി സർവ്വശക്തനായ ദൈവം ചെങ്കടലിൽ വഴി ഒരുക്കി അവരെ നയിച്ചു. അവരുടെ ശത്രുക്കളെയോ മുക്കി കളഞ്ഞു. സ്വർഗ്ഗീയ ഭോജനമാകുന്ന മന്ന കൊടുത്തു. മാറായിലെ വെള്ളത്തെ മാധുര്യമാക്കി. അങ്ങനെ നിരവധി നന്മകളാൽ ദൈവം അവരെ വഴി നടത്തി. എന്നാൽ ഇതെല്ലാം അനുഭവിച്ചിട്ടും അവർക്ക് തൃപ്തി പോരാഞ്ഞ് പല സാഹചര്യങ്ങളിലും അവർ മോശയോട് പിറുപിറുക്കുന്നത് നമുക്ക് കാണാൻ കഴിയും. അപ്പോൾ മോശ പറയുന്ന മറുപടി ഒന്ന് ശ്രദ്ധിക്കാം. നിങ്ങൾ എന്നോട് പിറുപിറുക്കുമ്പോൾ യഹോവയോട് തന്നെയാണ് പിറുപിറുക്കുന്നത്.

ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാവുന്നത് എന്താണ്? നമ്മുടെ വിശ്വാസ ജീവിതത്തിലെയും ചില കാറ്റും കോളുമാകുന്ന പ്രശ്നങ്ങൾ അഥവാ പ്രതികൂല സാഹചര്യങ്ങളിൽ നാമും ദൈവത്തോട് പിറുപിറുക്കുന്നവരാണോ? നമ്മെത്തന്നെ പരിശോധിക്കാം. ആദ്യ വിശ്വാസം നമ്മിൽ നിന്നും ഒരു പടിയെങ്കിലും പിറകോട്ട് പോയിട്ടുണ്ടോ? വിശ്വാസജീവിതത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ നാം ക്രിസ്തുവിനുവേണ്ടി എന്തും ചെയ്യുവാൻ ഒരുക്കമുള്ളവരായിരുന്നില്ലേ. നമ്മുടെ ലക്ഷ്യം കാര്യസാധ്യം മാത്രമായിത്തീരാതെ നമ്മെ സ്നേഹിച്ചു വീണ്ടെടുത്ത പ്രാണനാഥനുവേണ്ടി നമ്മെത്തന്നെ സമർപ്പിക്കാം. നിത്യതക്കു വേണ്ടി ഒരുങ്ങാം. നിർമ്മലവും നിർവാജ്യവും നിഷ്കളങ്കവും നിസ്വാർത്ഥവുമായ ആദ്യവിശ്വാസത്തിലേക്ക് മടങ്ങി വരാം.

**പരാമർശം :**

**1 പത്രോസ് 2:1-2**

**ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.**

എബ്രായർ 10:38–39

“എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല”. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രെ ആകുന്നു.

അശ്വതി ബിനു ഏറ്റുമാനൂർ 003